അടയ്ക്കാ കർഷകരെ സഹായിക്കുന്നതിനായി മാർക്കറ്റ് വിലയേക്കാൾ പ്രത്യേകം 10 രൂപ അധികം നൽകി 9133 കർഷകരിൽനിന്നായി 59826.018 ക്വിന്റൽ അടയ്ക്ക CAMPCO (കാംപ്കോ) സംഭരിച്ചിട്ടുണ്ട്. ഇതിലൂടെ കർഷകർക്ക് ന്യായവില ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

നാളികേര ഉത്പാദനം വർദ്ധിപ്പിക്കാൻ നടപടി

122 [2111] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തെങ്ങുകളെ ബാധിച്ചിട്ടുള്ള മണ്ഡരി, കാറ്റു വീഴ്ച എന്നിവയെ തടയുന്നതിനും ഇല്ലാതാക്കുന്നതിനും കൃഷിവകുപ്പ് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇവ നിയന്ത്രിക്കുന്നതിനും ഇല്ലാതാക്കുന്നതിനും നാളികേര വികസന ഇൻസ്റ്റിറ്റ്യൂട്ട് എന്തെങ്കിലും പുതിയ മരുന്ന് കണ്ടുപിടിച്ചിട്ടുണ്ടോ;

(സി) തെങ്ങുകളെ ബാധിച്ചിട്ടുള്ള മേൽപ്പറഞ്ഞ രോഗങ്ങൾ തടയുന്നതിന് സംസ്ഥാനത്തിനു പുറത്തുനിന്നുള്ള ഗവേഷകരുടെ സഹായം തേടാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് നാളികേര വികസന ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. എങ്കിലും, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം നടത്തിയിട്ടുള്ള വിവിധ പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കാറ്റുവീഴ്ച രോഗം തടയുന്നതിനു ചില ശാസ്ത്രീയപരിചരണമുറകൾക്ക് രൂപം നൽകി നടപ്പിലാക്കിവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) (1) നാളികേര ബോർഡിന്റെ മുഴുവൻ ധനസഹായത്തോടെ നടപ്പിലാക്കുന്ന സംയോജിത കൃഷിരീതികൾ.

(2) ടെക്നോളജി മിഷൻ ധനസഹായത്തോടെ നടപ്പിലാക്കുന്ന കാറ്റുവീഴ്ചാ നിയന്ത്രണ പദ്ധതി.

(3) കാറ്റുവീഴ്ചാ നിയന്ത്രണത്തിനായി 5 തെക്കൻ ജില്ലകളിൽ നടപ്പിലാക്കുവാൻ ഇപ്പോൾ പ്ലാനിംഗ് കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുള്ള 1924.67 കോടി രൂപയുടെ ഒരു പദ്ധതി.

നടുവണ്ണൂർ മരുങ്കാവിലെ കോക്കനട്ട് കോംപ്ലക്സ്

123 [2112] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ മരുങ്കാവിലെ കോക്കനട്ട് കോംപ്ലക്സ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയാണെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly